# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4095
# 16.12.2014 ലെ മറുപടിക്ക്

## ഇ-ഫയലിംഗ് സംവിധാനം

| ചോദ്യം.<br>ശ്രീ. ബി.സത്യൻ<br>എം.എൽ.എ | | ഉത്തരം.<br>ശ്രീ. കെ.എം. മാണി<br>(ബഹു. ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ മന്ത്രി) |
|---|---|---|
| (എ) | ഇ-ഫയലിംഗ് സംവിധാനം നിലവിൽ വന്നതിനുശേഷം ആസ്തി വികസനഫണ്ട് ഉപയാഗിച്ച് നിർമ്മാണപ്രവർത്തനം നടത്തുന്ന പദ്ധതികൾക്ക സാമ്പത്തികാനുമതി ലഭ്യമാകുന്നതു സംബന്ധിച്ച് എം.എൽ.എ.മാർക്ക് അന്വേഷിച്ചറിയുന്നതിനുള്ള ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | ഇ-ഫയലിംഗ് നിലവിൽ വന്നതിനുശേഷം ഭരണവകുപ്പ് ശുപാർശ ചെയ്തു വരുന്ന ഫയലുകൾ സ്കാനിംഗ് പൂർത്തീകരിച്ചതിനു ശേഷം സ്കാനിംഗ് സെക്ഷനിൽ നിന്നും ബന്ധപ്പെട്ട സെക്ഷനുകളിലേയ്ക്ക് ഇലക്ട്രോണിക് ഫയലായി ഫോർവേർഡ് ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. പിന്നീട് അതത് സെക്ഷനുകളിൽ ഓരോ ഫയലുകൾക്കും ഇ-ഫയൽ നമ്പർ ജനറേറ്റ് ചെയ്യപ്പെടുന്നു. പിന്നീടുള്ള ഫയലന്വേഷണങ്ങൾക്ക് ഇ-ഫയൽ നമ്പരാണ് ഉപയോഗിക്കേണ്ടത്. ആസ്തി വികസന പദ്ധതിക്ക കീഴിൽ ഇപ്രകാരം ധനവകുപ്പിലേയ്ക്ക് ശുപാർശ ചെയ്യെത്തുന്ന ഫയലുകളുടെ ഇ-ഫയൽ നമ്പർ ഫയലന്വേഷിച്ചെത്തുന്ന നിയമസഭാ സാമാജികരുടെ ഓഫീസ് സ്റ്റാഫ് അംഗങ്ങൾക്ക് നൽകാറുണ്ട്. ഇത്തരം ഫയലുകളുടെ Movement അതത് സെക്ഷനുകളിൽ/ ആഫീസർമാരിൽ നിന്നും അന്വേഷിച്ചറിയാനാകുന്ന വിധത്തിൽ സുതാര്യമായാണ് ഈ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് തന്നെ എം.എൽ.എ.മാർക്ക് ഫയലുകളുടെ സ്റ്റാറ്റസ് അന്വേഷിച്ചറിയുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇ-ഫയലിംഗ് സംവിധാനം സുതാര്യമാക്കുന്നതിനുവേണ്ടി ഒരു ഏകീകൃതസംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | |

സെക്ഷൻ ഓഫീസർ